# <u>സർക്കുലർ</u>

81/NSS/DHSE/2015 22/05/2015

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ സംസ്ഥാനതല അവാർഡു ദാന ചടങ്ങ് **(2013–14, 2014–15)**ബഹു.വിദ്യാഭ്യാസ മന്ത്രി ശ്രീ.അബ്ദുറബ്ബ് **2015 മേയ് 27** ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ഹയർസെക്കണ്ടറി സ്കൂളിൽ 3.30 ന് നിർവ്വഹിക്കുന്നു. അതോടൊപ്പം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പും ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമും സംയുക്തമായി നടപ്പിലാക്കുന്ന **"ഹരിതം-ഹരിതസ്പർശം"** പരിപാടിയുടെ അടുത്ത അധ്യയന വർഷത്തെ പ്രവർത്തന ഉദ്ഘാടനം ഉച്ചയ്ക്ക് 2 മണിക്ക് ബഹു.പരിസ്ഥിതി വനം വകുപ്പ് മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവ്വഹിക്കുന്നു.

2013–14, 2014–15 അധ്യയന വർഷത്തെ സംസ്ഥാന/മേഖലാ/ജില്ലാ അവാർഡുകൾ കരസ്ഥമാക്കിയ യൂണിറ്റിലെ പ്രിൻസിപ്പൽമാർ, പ്രോഗ്രാം ഓഫീസർ, വോളണ്ടിയർമാർ എന്നിവർ പുരസ്ക്കാരം ഏറ്റുവാങ്ങാൻ എത്തിച്ചേരേണ്ടതാണ്.

പ്രസ്തുത പരിപാടിയിലേയ്ക്ക് RDD മാർ, എൻഎസ്എസ് മേഖലാ/ജില്ലാ പ്രോഗ്രാം കൺവീനർമാർ, പിഎസി അംഗങ്ങൾ, എല്ലാ എൻഎസ്എസ് യൂണിറ്റിലെയും പ്രിൻസിപ്പൽമാരെയും പ്രോഗ്രാം ഓഫീസർമാരെയും വോളണ്ടിയർമാരെയും ക്ഷണിക്കുന്നു.

അവാർഡ് പുരസ്കാര വിതരണം, ഹരിതം ഹരിതസ്പർശം പരിപാടിയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ/ വിവരങ്ങൾക്കായി ജില്ലാ പ്രോഗ്രാം കൺവീനരെ ബന്ധപ്പെടാവുന്നതാണ്.

ഹരിതം-ഹരിത സ്പർശം പരിപാടിയുമായി ബന്ധപ്പെട്ട് നടത്തുന്ന സംസ്ഥാന തല മത്സരങ്ങളുടെയും പരിസ്ഥിതി സംരക്ഷണ ശിൽപശാലയുടെയും രജിസ്ട്രേഷൻ രാവിലെ 9 മണിക്ക് ആരംഭിക്കുന്നതാണ്. രാവിലെ 9.30 മുതൽ ശിൽപശാലയും മത്സരങ്ങളും ആരംഭിക്കുന്നതാണ്.

എല്ലാ ജില്ലകളിൽ നിന്നും പരിപാടിയിൽ പങ്കെടുക്കുന്നവർ രാവിലെ 9 മണിക്ക് മുൻപായി എത്തിച്ചേരേണ്ടതാണ്.

ഒപ്പ്
പ്രോഗ്രാം കോഡിനേറ്റർ